കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 07 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-1




മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com


---

## അഭിഷേകത്തിന് ശുദ്ധമായ നെയ്യ് കൊ ുവരണം: തന്ത്രി

ശബരിമല: വ്രതമെടുത്ത് ഇരുമുടിക്കെട്ടേന്തി പതിനെട്ടാംപടി ചവിട്ടി അയ്യപ്പസ്വാമി ദർശനത്തിനെത്തുന്ന ഭക്തർ ശുദ്ധമായ നെയ്യ് അഭിഷേകത്തിന് കൊ ുവരണമെന്ന് ശബരിമലക്ഷേത്രം തന്ത്രി കണ്ഠരര് മഹേഷ്മോഹനര് പറഞ്ഞു. മെഴുകുപോലെയുള്ള മായം കലർന്ന നെയ്യ് പൂർണമായും ഒഴിവാക്കണം. ഭക്തർ കൊ ുവരുന്ന നെയ്യാണ് അഭിഷേകം ചെയ്യുന്നത്. അത് പരിശുദ്ധമായിരിക്കണം.

ശബരിമല ദർശനത്തിനുവരുന്ന അയ്യപ്പഭക്തർ 41 ദിവസത്തെ വ്രതം കർശനമായി പാലിക്കണം. ഇവിടെയിരിക്കുന്ന പ്രതിഷ്ഠാമൂർത്തിയായ അയ്യപ്പസ്വാമിയെ കാണാനുള്ള യോഗ്യത ഇങ്ങനെ വ്രതമെടുക്കുന്നവർക്ക് മാത്രമുള്ളതാണെന്ന് തന്ത്രി പറഞ്ഞു.

(പി.ആർ. ശബരി 410)

## മകരവിളക്ക് ജനുവരി 14ന്: തന്ത്രി

ശബരിമല: ശബരിമലക്ഷേത്രത്തിലെ ഈ വർഷത്തെ മകരവിളക്ക് ജനവരി 14ന് നടക്കുമെന്ന് തന്ത്രി കണ്ഠരര് മഹേഷ്മോഹനര് പറഞ്ഞു. ശബരിമല ക്ഷേത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചടങ്ങാണിത്. അതോടനുബന്ധിച്ചുള്ള

ശുദ്ധിക്രിയകൾ 12, 13 തിയ്യതികളിൽ നടക്കും. 12ന് പ്രസാദശുദ്ധി, 14ന് ബിംബം ശുദ്ധി ക്രിയകൾ എന്നിവ നടക്കും. 14ന് ഉച്ചയ്ക്ക് 1.47നാണ് മകരസംക്രമം.

ധനുരാശി മകരം രാശിയിലേയ്ക്ക് കടക്കുന്ന മുഹൂർത്തം. ആ സമയത്താണ് മകരസംക്രമപൂജ. തിരുവിതാംകൂർ കൊട്ടാരത്തിൽനിന്ന് കൊ ു വരുന്ന നെയ്യ്തേങ്ങ സംക്രമസമയത്ത് ഉടച്ച് അഭിഷേകം ചെയ്യും. വൈകീട്ട് തിരുവാഭരണം ചാർത്തി ദീപാരാധന. മകരവിളക്ക് മറ്റ് ദിവസങ്ങളിൽ പൂജാക്രമങ്ങളിൽ മാറ്റമു ാകില്ലെന്ന് തന്ത്രി പറഞ്ഞു.

(പി.ആർ. ശബരി 411)

## സന്നിധാനത്ത് സംയമനം പാലിക്കണം: തന്ത്രി

ശബരിമല: പുണ്യസന്നിധാനത്ത് വന്നെത്തുന്ന വ്രതമെടുത്ത ഭക്തർ തിക്കും തിരക്കും വരുമ്പോൾ സംയമനം പാലിച്ച് സ്വയം നിയന്ത്രിക്കാൻ തയ്യാറകണമെന്ന് തന്ത്രി കണ്ഠരര് മഹേഷ്മോഹനര് പറഞ്ഞു. സന്നിധാനത്തുള്ള സമയംമുഴുവനും വളരെ സമാധാനം പാലിക്കണം. ചിലരെങ്കിലും ആത്മസംയമനം കാണുന്നില്ല. എല്ലാവരും സമാധനത്തിന് മുതിർന്നാൽ സുഖദർശനത്തിനും പ്രസാദം എല്ലാവർക്കും ലഭിക്കുന്നതിനും സാധിക്കുമെന്ന് തന്ത്രി പറഞ്ഞു.

(പി.ആർ. ശബരി 412)

## പോലീസ് ഭക്തഗാനമേള നടത്തി

ശബരിമല: മകരവിളക്കിനോടനുബന്ധിച്ച് സന്നിധാനത്ത് ഡ്യൂട്ടിയിലു ായിലുള്ള പോലീസ് ഉദ്യോഗസ്ഥർ നടപ്പന്തലിലെ ശ്രീധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ ഭക്തിഗാനമേള അവതരിപ്പിച്ചു. പള്ളുരുത്തി പോലീസ്സ്റ്റേഷനിലെ എ.എസ്.ഐ. പി കെ സലീം, തിരുവനന്തപുരം പോലീസ് ട്രെയിനിങ് സെന്ററിലെ എ.എസ്.ഐ. എ സജീവൻ, സിവിൽ പോലീസ് ഓഫീസർമാരായ എറണാകുളം റൂറൽ പോലീസ് സ്റ്റേഷനിലെ കെ എസ് സനീഷ്, പാലക്കാട് ഷൊർണൂർ പോലീസ്സ്റ്റേഷനിലെ ബിജുമോൻ എന്നിവരാണ് ഭക്തിഗാനം ആലപിച്ചത്.

(പി.ആർ. ശബരി 413)

## അഡീഷ്നൽ ചീഫ് സെക്രട്ടറി ദർശനം നടത്തി

ശബരിമല: സംസ്ഥാന ആഭ്യന്തരവകുപ്പ് അഡീഷ്നൽ ചീഫ് സെക്രട്ടറി സുബ്രതോ ബിശ്വാസ് ശബരിമലക്ഷേത്രത്തിൽ ദർശനം നടത്തി. കഴിഞ്ഞദിവസം ഹരിവരാസനം തൊഴാനെത്തിയ അദ്ദേഹം ഞായറാഴ്ച ഉഷപൂജയിലും

പങ്കെടുത്തു. കൊച്ചി റെയ്ഞ്ച് ഐ.ജിയും പുണ്യംപൂങ്കാവനം നോഡൽ ഓഫീസറുമായ പി വിജയനും അഡീഷ്നൽ ചീഫ് സെക്രട്ടറിയോടൊപ്പം ഉ ാ യിരുന്നു.

(പി.ആർ. ശബരി 414)

## പുണ്യംപൂങ്കാവനം പദ്ധതിയിൽ ആഭ്യന്തര സെക്രട്ടറി

ശബരിമല: പുണ്യംപൂങ്കാവനം ദിനത്തിൽ ആഭ്യന്തരവകുപ്പ് അഡീഷ്നൽ ചീഫ് സെക്രട്ടറി സുബ്രതോ ബിശ്വാസ് സന്നിധാനത്തിൽ ശുചീകരണത്തിൽ പങ്കാളിയായി. ഞായറാഴ്ച സന്നിധാനത്ത് വിവിധവകുപ്പ് ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും വിശുദ്ധിസേനാംഗങ്ങളുടേയും നേതൃത്വത്തിൽ നടന്ന ശുചീകരണം അഡീഷ്നൽ ചീഫ് സെക്രട്ടറി ഉദ്ഘാടനം ചെയ്തു. പുണ്യംപൂങ്കാവനം പദ്ധതി നോഡൽ ഓഫീസറായ കൊച്ചി റെയ്ഞ്ച് ഐ.ജിയുമായ പി വിജയൻ, റാപ്പിഡ് ആക്ഷൻഫോഴ്സ് ഡെപ്യൂട്ടി കമാൻഡന്റ് ജി ദിനേഷ്, ദേശീയ ദുരന്തനിവാരണസേന ഡെപ്യൂട്ടി കമാൻഡർ പി വിജയൻ, പോലീസ് സ്പെഷ്യൽ ഓഫീസർ ദേബേഷ്കുമാർ ബെഹ്റ, അസിസ്റ്റന്റ് എസ്.ഒ. എം രമേഷ്കുമാർ എന്നിവർ നേതൃത്വം നൽകി. പോലീസ്, എൻ.ഡി.ആർ.എഫ്, ആർ.എ.എഫ്, ഫയർഫോഴ്സ്, ഫോറസ്റ്റ് സേനാംഗങ്ങളും അയ്യപ്പസേവാസംഘം പ്രവർത്തകരും ശുചീകരണ ജീവനക്കാരും പങ്കെടുത്തു.

(പി.ആർ. ശബരി 415)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 07 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com


## മകരവിളക്ക് നിലവിലുള്ള പ്രവർത്തനങ്ങൾ തൃപ്തികരം.

മകരവിളക്കിനോടനുബന്ധിച്ച് ഭക്തൻമാരെ വരവേൽക്കുന്നതിനും ദിവ്യ ദർശനം സാധ്യമാക്കുന്നതിനും സന്നിധാനത്തും പരിസര പ്രദേശത്തും നട ക്കുന്ന വകുപ്പുകളുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണന്ന് പോലീസ് സ്പെഷ്യൽ ഓഫിസർ ദേബേഷ് കുമാർ ബെഹ്റ അറിയിച്ചു. ദേവസ്വം ബോർഡ് ബിൽഡിംഗ് കോംപ്ളക്സിൽ നടന്ന വിവിധ വകുപ്പുകളുടെ ഏകോപന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടകളിൽ അമിത് വില ഈടാക്കുന്നത് തടയുന്നതിനായി ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡ് എല്ലാ കടകളിലും നിരന്തര പരി ശോധ ഉറപ്പുവരുത്തുന്നു ്. ഇതുവരെ 100 ലധികം കേസുകൾ റജിസ്റ്റർ ചെ യ്തിട്ടു ്. ഇതിൽ 44 കേസുകളിൽ 2,00,500 തുക പിഴയായി ഈടാക്കി. ബാ ക്കിയുള്ള കേസുകളിലെ പ്രതികളെ താക്കീത് ചെയ്തു വിട്ടു. എല്ലാ കടക ളിലും വില വിവര പട്ടിക പ്രദർശിപ്പിക്കുന്നുെ ന്ന് ഉറപ്പാക്കിയതായും ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു.ഇതിനു പുറമെ ആഹാരം കഴിച്ച് പുറത്തിറങ്ങുന്നവരു ടെ ബിൽ തുകയും കടയിലെ ബിൽ തുകയും താരതമ്യം ചെയ്തു പരിശോധി ക്കുന്നുമു ്.

ഈ വർഷം ശബരിമല തീർഥാടനത്തിനോടനുബന്ധിച്ച് 27പേർ മ രിച്ചിട്ടു ്. ഇതിൽ 13 പേർ മലയാളികളും ആറുപേർ തമിഴ്നാട്ടുകാരുമാണ്. ആന്ധ്രയിൽനിന്ന് മൂന്നും തെലുങ്കാനയിൽനിന്ന് ര ും പോ ിച്ചേരി, കർ

ണാടക എന്നിവിടങ്ങളിൽ നിന്ന് ഓരോരുത്തർ വീതവും മരിച്ചിട്ടു ്. ഇതിൽ ഒരാളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. മരണമടഞ്ഞവരെ വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിട്ടു ്.

സന്നിധാനവും പരിസരവും ശുചീകരിക്കാൻ ഒമ്പത് ടീമുകളിലായി 300 ഓളം പേർ ജോലി ചെയ്യുന്നു ്. ഇവരുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഹെൽത്ത് കാർഡ് നൽകിയിട്ടു ്.
നിർദ്ദേശിച്ച മുഴുവൻ ബാരിക്കേഡുകളുടെയും നിർമാണം പൊതുമരാമത്ത് വകുപ്പ് പൂർത്തിയായിട്ടു ്. ആവശ്യപ്പെടുന്ന പക്ഷം കൂടുതൽ നിർമ്മിച്ച് നൽകും. മകരവിളക്ക് സംബന്ധിച്ച് മറ്റ് വകുപ്പുകളുമായി സഹകരിച്ച് അന്തിമ രൂപരേഖ തയ്യാറാക്കാനും കോർഡിനേഷൻ യോഗം പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി. ശരംകുത്തി ആലിന് സമീപം അപകടാവസ്ഥയിൽ നിന്നിരുന്ന മരം മുറിച്ചുമാറ്റിയതായി ഫോറസ്റ്റ് അധികൃതർ അറിയിച്ചു. കെ.എസ്.ഇ.ബിയുടെ തെരുവിളക്ക് സ്ഥാപിക്കുന്ന പ്രവർത്തി എട്ടാം തിയ്യതിയോടെ പൂർത്തിയാകും.

ഭക്തർക്ക് ചൂടാക്കിയ കുടിവെള്ളം എത്തിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കും. നിലവിൽ 7000ലിറ്റർ ജലം സംഭരിച്ച് ലഭ്യമാക്കുന്നു ്. 403 പേർ ഇതിനായി പ്രവർത്തിക്കുന്നു ്.പമ്പ മുതൽ നടപ്പന്തൽവരെ കുടിവെള്ളം നൽകുന്നതായി അയ്യപ്പ സേവാസംഘത്തിന്റെ 100 സന്നദ്ധപ്രവർത്തകരെ കൂടി അധികമായി നിയമിച്ചിട്ടു ്. ഇതിനുപുറമെ ഓരോ ഓക്സിജൻ പാർലറുകളിലും നാല് വോള ിയർമാരെ വീതവും ഏഴ് സ്ട്രെക്ച്ചറുകളുടെ സേവനവും ലഭ്യമാക്കിയിട്ടു ്. അന്നദാനം തുടങ്ങിയ എല്ലാ സേവനങ്ങൾക്കും സന്നദ്ധപ്രവർത്തകർ സഹകരിക്കുന്നു ്. ശുചീകരണ ക്ലീനിങ് സാനിട്ടേഷൻ വിഭാഗത്തിന്റെ ശ്രദ്ധേയമായ പ്രവർത്തനത്തെ യോഗം അഭിനന്ദിച്ചു.

യോഗത്തിൽ പോലീസ് അസി.സ്പെഷ്യൽ ഓഫിസർ എം.രമേഷ് കുമാർ വിവിധ വകുപ്പുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി 416)

## ശബരീശ സന്നിധിയിൽ പുണ്യംപൂങ്കാവനം ദിനം ആഘോഷിച്ചു

ശബരിമല: സ്വാമി അയ്യപ്പന്റെ പൂങ്കാവനത്തെ സമ്പൂർണ മാലിന്യവിമുക്തമാക്കുന്നതിന് പ്രവർത്തിക്കുന്നവർ സന്നിധാനത്ത് ഒത്തുചേർന്ന് പുണ്യംപൂങ്കാവനം ദിനം ആഘോഷിച്ചു. വലിയനടപ്പന്തലിൽ നടന്ന പരിപാടിയിൽ ശബരിമല ദേവസ്വംബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ വി എൻ ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു. കൊച്ചി ഐ.ജിയും പുണ്യംപൂങ്കാവനം നോഡൽ ഓഫീസർ പി വിജയൻ മുഖ്യപ്രഭാഷണം നടത്തി. പുണ്യംപൂങ്കാവനം വീഡിയോ

സീഡി ഐ.ജി. പി വിജയൻ സ്വിച്ച് ഓൺ കർമം നിർവഹിച്ചു. പുണ്യംപൂങ്കാവനം മൊബൈൽ ആപ്പ് എക്സിക്യൂട്ടീവ് ഓഫീസർ പ്രകാശനം ചെയ്തു. പോലീസ്സ്പെഷ്യൽ ഓഫീസർ ദേബേഷ്കുമാർ ബഹ്റ, ജോയിന്റ് എസ്.ഒ. സുജിത്ദാസ്, അസിസ്റ്റന്റ് എസ്.ഒ. എം രമേഷ്കുമാർ, റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഡപ്യൂട്ടി കമാൻഡന്റുമാരായ ജി ദിനേഷ്, സുന്ദർകുമാർ, എൻ.ഡി.ആർ.എഫ്. ഡപ്യൂട്ടി കമാൻഡന്റ് ജി വിജയൻ, അസിസ്റ്റന്റ് കമാൻഡന്റ് ഇളങ്കോവൻ, ദേവസ്വംബോർഡ് പി.ആർ.ഒ. മുരളി കോട്ടയ്ക്കകം, അഖിലഭാരത അയ്യപ്പസേവാസംഘം പ്രതിനിധികളായ ബാലൻസ്വാമി, ചന്ദ്രൻ സ്വാമി, ശബരിമല അയ്യപ്പസേവാസമാജം പ്രതിനിധി ദുരൈസ്വാമി, ഫെസ്റ്റിവൽ കൺട്രോളർ വിനോദ്, ആരോഗ്യവിഭാഗം നോഡൽ ഓഫീസർ ഡോ. സുരേഷ്ബാബു, പുണ്യംപൂങ്കാവനം വീഡിയോ സിഡി ഗാനരചന നിർവഹിച്ച വൈക്കം ഡി.വൈ.എസ്.പി. സുരേഷ് ചേർത്തല, ഗായകൻ അഭിജിത്ത്, സുനിൽസ്വാമി തുടങ്ങിയവരെ ചടങ്ങിൽ ആദരിച്ചു.

28 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന തിരുവിതാംകൂർ ദേവസ്വംബോർഡ് പി.ആർ.ഒ. മുരളി കോട്ടയ്ക്കകം, വനംവകുപ്പ് ജീവനക്കാരനും പാമ്പുപിടിത്ത വിദഗ്ധനുമായ ഗോപി സെൽവൻ എന്നിവരെ ഐ.ജി. പൊന്നടയണിയിച്ച് ആദരിച്ചു. പുണ്യംപൂങ്കാവനം കോർഡിനേറ്റർ അനിൽ ശ്രീനിവാസൻ സ്വാഗതം പറഞ്ഞു.

പുണ്യംപൂങ്കാവനം പദ്ധതിയിൽ പ്രവർത്തിച്ച വിവിധമേഖലകളിലുള്ള ദിനേഷ്, ശ്രീനിവാസസ്വാമി, ഗോപാലകൃഷ്ണൻ, ശാരങ്കപാണി, നാഗരാജ്, രാമയ്യ, അംബാസ്വാമി, രാജേഷ്, ജോ കുമാർ, ദിലീപ്കുമാർ, രഘു, രാജു, പ്രദീപ്, രാജൻ, മുരുകൻ, ദൊരൈസ്വാമി, ശിവരാജൻ, ജയകുമാർ തുടങ്ങിവരെ ചടങ്ങിൽ ഉപഹാരങ്ങൾ നൽകി.

(പി.ആർ. ശബരി 417)

## പുണ്യംപൂങ്കാവനത്തിൽ മാലിന്യം വലിച്ചെറിയാത്ത തീർഥാടനകാലം ലക്ഷ്യം: ഐ.ജി.

ശബരിമല:അയ്യപ്പസ്വാമിയുടെ അനുഗ്രഹംതേടി ശബരിമലയിലെത്തുന്ന ഭക്തർ ഒരുതു മാലിന്യംപോലും പൂങ്കാവനത്തിൽ ഉപേക്ഷിക്കാത്ത തീർഥാടനകാലമാണ് ലക്ഷ്യമെന്ന് ഐ.ജി. പി വിജയൻ പറഞ്ഞു. അയ്യപ്പസ്വാമിയുടെ അനുഗ്രഹം കിട്ടാൻ പൂങ്കാവനം വൃത്തിയായി സൂക്ഷിക്കണം. ഭക്തർ കൊ ുവരുന്ന പ്ലാസ്റ്റിക് വസ്തുക്കൾ വലിച്ചെറിയാതെ തിരികെ കൊ ുപോകണം. മാലിന്യരഹിത നാടിനായുള്ള പ്രവർത്തനങ്ങൾ 2011 ശബരീശന്റെ തിരുസന്നിധിയിൽനിന്ന് ആരംഭിച്ചത് ശുചിത്വബോധമുള്ള തീർഥാടനം ലക്ഷ്യമിട്ടാണ്. ഇത് വിജയിച്ചത് കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്. തിരുവിതാംകൂർ ദേവസ്വംബോർഡ് സൗകര്യങ്ങൾ നൽകിയില്ലെങ്കിൽ ഈ പദ്ധതി വിജയിക്കില്ലായിരുന്നു.

യൂനിഫോം അണിഞ്ഞ സേനാംഗങ്ങൾ മാലിന്യംനീക്കാൻ എല്ലാദിവസവും പ്രയത്നിക്കുന്നതിനാലാണ് ഈ പദ്ധതി വിജയിച്ചത്. വിവിധവകുപ്പ് ജിവനക്കാരും മാധ്യമങ്ങളും ഇതിൽ പങ്കാളികളായി. അയ്യപ്പഭക്തർ അഖിലഭാരത അയ്യപ്പസേവാസംഘത്തിന്റേയും അയ്യപ്പസേവാ സമാജത്തിന്റേയും പ്രവർത്തകരും ശബരിമല സാനിട്ടേഷൻ സൊസൈറ്റി പ്രവർത്തകരും ശുചീകരണത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പ്രധാനമന്ത്രി നരേന്ദ്രമോഡി മൻകിബാത്തിൽ പ്രശംസിച്ച പദ്ധതിയായി പുണ്യംപൂങ്കാവനം ശ്രദ്ധേയമായതും ഈ കൂട്ടായ്മയുടെ വിജയമാണെന്ന് അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി 418)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 07 2018

ശബരിമല പത്രക്കുറിപ്പ്-3

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

## മേട്ടൂർ സഹോദരങ്ങൾ സംഗീതാർച്ചന നടത്തി

ശബരിമല: സന്നിധാനം വലിയ നടപ്പന്തൽ ശ്രീധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ മേട്ടൂർ സഹോരങ്ങൾ ആർ മുരളിയും ജി സഞ്ജീവും സംഗീതാർച്ചന നടത്തി. കോയമ്പത്തൂർ ഗണേശൻ വയലിനിലും വിജയൻ മന്നാർകുടി മൃദംഗത്തിലും പക്കമേളമൊരുക്കി.

(പി.ആർ. ശബരി 419)

## വനത്തിൽ അതിക്രമിച്ച് കയറിയ ഏഴംഗ സംഘത്തെ പിടികൂടി

ശബരിമല: വനത്തിൽ അതിക്രമിച്ച് കയറി ചീട്ടുകളിച്ചതിന് സന്നിധാനം പോലീസ് ഏഴംഗസംഘത്തെ പിടികൂടി. ഇവരിൽ നിന്നും 25,000രൂപയും 4 മൊബൈൽഫോണും ക ടുത്തു. അഞ്ചുപേർ തമിഴ്നാട് സ്വദേശികളും ര മലയാളികളുമാണ് സംഘത്തിലു ായിരുന്നത്. പ്രതികളെ ഇന്ന്(08-01-2018) റാന്നി കോടതിയിൽ ഹാജരാക്കുമെന്ന് എസ്.എച്ച്.ഒ. ബി വിനോദ്കുമാർ അറിയിച്ചു. സ്പെഷ്യൽ ബ്രാഞ്ച് ഷാഡോ പോലീസ് സംയുക്ത പരിശോധനയിലാണ് അതിക്രമിച്ച് കയറിയവരെ ക ത്തിയത്. ബോഡിനായ്ക്കന്നൂർ പെരിയ ആ വർ ഗൂഡല്ലൂർ ചന്ദ്രൻ, തിരുവന്തപുരത്ത് നിന്നുള്ള സതീശൻ, തേനിയിൽ നിന്നുള്ള ഭൈരവസ്വാമി, സെൽവം പെരുമാൾ, ബാലരാമപുരം ബിനു എന്നിവരാണ് പിടിയിലായത്.

(പി.ആർ. ശബരി 420)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.